ബസ് സ്റ്റേഷൻ	കാലാവധി	വരുമാനം
എറണാകുളം	4-8-2004 മുതൽ 31-3-2005 വരെ	1,300 (ഓരോ ദിവസവും ആയിരത്തി മുന്നൂറുരൂപ)
കൊല്ലം	1-4-2004 മുതൽ 31-3-2005 വരെ	1,20,000 (ഒരുലക്ഷത്തി ഇരുപതിനായിരം രൂപ)
അടൂർ		പണംകൊടുത്ത് ഉപയോഗിക്കുന്ന ടോയ്‌ലറ്റ് ഉണ്ടായിരുന്നില്ല.

ഗ്രാമ പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

52 [3566] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ഇറക്കിയ മിനി ബസ്സുകൾ നാഷണൽ പെർമിറ്റിലും സംസ്ഥാന ഹർജികളിലും, സർവ്വീസ് നടത്താതെ ബൈറൂട്ടുകളിലും റിമോട്ട് ഏരിയകളിലേക്കും സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം മിനി ബസ്സുകൾ കൂടുതൽ നിരത്തിലിറക്കി ഗ്രാമപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വലിയ ബസ്സുകൾ കടന്നുപോകാൻ കഴിയാത്ത ബൈറൂട്ടുകളിലും ഉൾനാടൻ സ്ഥലങ്ങളിലേക്കും മിനിബസ് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. സമാന്തര സർവ്വീസുകളുമായി മത്സരിക്കുന്നതിന് പ്രധാന റോഡുകളിലും മിനി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.യുമായി ബന്ധപ്പെട്ട കേസുകൾ തീർക്കാൻ അദാലത്ത്

53 [3567] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എ.സി.റ്റി. വിധിയിൻമേൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എത്ര കോടി രൂപ വിവിധ ജില്ലകളിലായി നഷ്ടപരിഹാരം നൽകാനുണ്ടെന്ന് ജില്ല

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചു വ്യക്തമാക്കുമോ; പ്രസ്തുത നഷ്ടപരിഹാരം നൽകാത്തതുമൂലം കെ.എസ്. ആർ.ടി.സി. വക ബസ്സുകൾ ജപ്തി ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെടുന്ന എം.എ.സി.റ്റി. കേസ്സുകൾ പരമാവധി അദാലത്തുവഴി തീർപ്പുകൽപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജപ്തി ചെയ്യാറുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ:

തിരുവനന്തപുരം	413 വിക്ഷം
കൊല്ലം	242 വിക്ഷം
ആലപ്പുഴ	318 വിക്ഷം
എറണാകുളം	148 വിക്ഷം
പത്തനംതിട്ട	102 വിക്ഷം
കോട്ടയം	296 വിക്ഷം
ഇടുക്കി	9 വിക്ഷം
തൃശ്ശൂർ	158 വിക്ഷം
മലപ്പുറം	29 വിക്ഷം
കോഴിക്കോട്	55 വിക്ഷം
വയനാട്	21 വിക്ഷം
കണ്ണൂർ	33 വിക്ഷം
കാസർകോട്	20 വിക്ഷം
പാലക്കാട്	54 വിക്ഷം
ആകെ	**18.98 കോടി രൂപ**

(ബി) സാദ്ധ്യതയനുസരിച്ച് പരമാവധി കേസുകൾ അദാലത്തുവഴി തീർപ്പുകൽപ്പിക്കുന്ന നടപടികൾ ചെയ്തുവരുന്നു. എം.എ.സി.റ്റി. അവാർഡു പാസ്സാക്കിയ കേസ്സുകളിൽ പരിശ ഒഴിവാക്കി വിധി തുകമാത്രം കൈപ്പറ്റാൻ താൽപര്യമുള്ളവർക്ക് വിധി തുക 60 ദിവസത്തിനകം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly